"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.358/2026/LBR തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:- കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12.09.2025-ലെ SPWWFB/229/25-S3 നമ്പർ കത്ത്

**ഉത്തരവ്**

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 14.07.2025-ലെ യോഗത്തിന്റെ SPWWFB/153/2025/S2 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, നിലവിൽ തൊഴിലാളികൾക്ക് നൽകിവരുന്ന ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, കുടുംബ പെൻഷൻ എന്നീ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേയ്ക്ക് പരാമർശ പ്രകാരം കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ വിവിധ ആനുകൂല്യങ്ങളിൽ ചുവടെ ചേർക്കും പ്രകാരമുള്ള വർദ്ധനവ് വരുത്തുന്നതിന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | സ്കീം | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| 1 | കുടുംബ പെൻഷൻ | 500/- |
| 2 | വിവാഹ ആനുകൂല്യം | 5000/- |
| 3 | ചികിത്സാ ധനസഹായം | 12,500/- |
| 4 | മരണാനന്തര ധനസഹായം | ആദ്യ 3 വർഷം വരെയുള്ള അംഗത്വത്തിന് 1500/- രൂപയും, തുടർന്ന് മുടങ്ങാതെ അംശാദായം ഒടുക്കിയിട്ടുള്ള അംഗങ്ങൾക്ക് 10,000/- രൂപ വീതവും |

| | | |
|---|---|---|
| 5 | വിദ്യാഭ്യാസ സഹായം | നൽകിവരുന്ന എല്ലാത്തിനും (except B.Tech, MBBS, BHMS) 50% വർദ്ധനവ് (600-1500) |
| 6 | അബോർഷൻ ധനസഹായം | 2000/- ഒരു തവണ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ജി നായർ
ഡെപ്യൂട്ടി സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുനക്കര, കോട്ടയം - 686 001
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ (ലേബർ) വകുപ്പ്. (നം. 1367818/ LBR-2/328/2019-FIN)
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Divya Sasidharan
Date: 05-03-2026 16:24:21
സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ് -ന്
തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്.